## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4003 31/01/2014-ൽ മറുപടിക്ക്

## ആദിവാസികളെ സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. വി. ശശി :<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. കെ. അജിത് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വൻതുക ചെലവഴിച്ചിട്ടും ആദിവാസികൾ ഇന്ന് ദുരിതത്തിലാണെന്നുള്ള ഔദ്യോഗിക പഠന റിപ്പോർട്ടുകൾ നിലവിലുണ്ടോ ; എങ്കിൽ ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ഇല്ല. |
| (ബി) | റേഷൻ കാർഡുകൾ ലഭിക്കാത്ത ആദിവാസി കുടുംബങ്ങളുണ്ടോ; കാർഡ് ലഭിച്ചവരിൽ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | റേഷൻകാർഡ് ലഭിക്കാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. കാർഡ് ലഭിച്ചവരിൽ എ.പി.എൽ. വിഭാഗക്കാരും ഉണ്ട്. കുടുംബകാർഡിൽ പേരുള്ള ചില പട്ടികവർഗ്ഗക്കാർ പ്രത്യേക കാർഡ് എടുക്കാൻ തയ്യാറാകാത്ത സ്ഥിതിയുണ്ട്. സർക്കാർ/ അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപന ങ്ങളിൽ സ്ഥിര ജോലിയുള്ള ഒരംഗമെങ്കിലും ഉള്ള കുടുംബം എ.പി.എൽ വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. സ്ഥിര വരുമാനമുള്ള സർക്കാർ ഉദ്യോഗസ്ഥരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഒഴികെയുള്ളവർക്കു നൽകിയ എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡായി മാറ്റി നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ